# ഐ.എച്ച്.ആർ.ഡി എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

**ക്ലിപ്തം നമ്പർ 4423**


ചാക്ക, തിരുവനന്തപുരം

ഫോൺ : 0471 - 2332456

Email : ihrdecs@gmail.com

www.ihrdecs.in


## 2021- 2022 വർഷത്തെ വാർഷിക പൊതുയോഗ നോട്ടീസ്

**പൊതുയോഗ തീയതി**

**2022 മാർച്ച് 09 ബുധനാഴ്ച**

സ്ഥലം :

**ഐ.എച്ച്.ആർ.ഡി ഹെഡ്ക്വാർട്ടേഴ്സ്**

**ചാക്ക**

സമയം :

രാവിലെ 11 മണിക്ക്

# ഐ.എച്ച്.ആർ.ഡി എംപ്ലോയീസ് സഹകരണ സംഘം
## ക്ലിപ്തം നമ്പർ 4423
## ചാക്ക, തിരുവനന്തപുരം

മാന്യരേ,

ഈ സംഘത്തിന്റെ 2021-2022 വർഷത്തെ വാർഷിക പൊതുയോഗം 2022 മാർച്ച് 09 ബുധനാഴ്ച രാവിലെ 11 മണിക്ക് സംഘം പ്രസിഡന്റ് ശ്രീ.പി.പി. സുധീർ ബാബുവിന്റെ അദ്ധ്യക്ഷത യിൽ താഴെ കൊടുത്തിരിക്കുന്ന കാര്യപരിപാടി അനുസരിച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നതിനാൽ സംഘത്തിലെ എല്ലാ അംഗങ്ങളും കൃത്യസമയത്തു തന്നെ ഹാജരാകണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

അനുവാദത്തോടെ,

സെക്രട്ടറി

തിരുവനന്തപുരം

## കാര്യപരിപാടി

1. പൊതുയോഗ നോട്ടീസ് വായിച്ച് അംഗീകരിക്കുക.
2. മുൻ പൊതുയോഗ മിനിറ്റ്സ് വായിച്ച് പാസ്സാക്കുക.
3. 2020-2021 ലെ പ്രവർത്തന റിപ്പോർട്ട് വായിച്ച് ചർച്ച ചെയ്യുക.
4. 2020-21 ലെ വരവ്-ചെലവ് കണക്കുകൾ ലാഭനഷ്ടം മുതൽ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ച് അംഗീകരിക്കുക.
5. 2022-2023 വർഷത്തെ വരവ് ചെലവ് ബഡ്ജറ്റ് പാസാക്കുക.
6. 2019-20 സ്കോളർഷിപ്പ് കൊടുത്തത് സംബന്ധിച്ച്.
7. 2019-20 ലെ ആഡിറ്റ് റിപ്പോർട്ട് പാസാക്കുക.
8. ചോദ്യങ്ങളും പ്രമേയങ്ങളും
9. പ്രസിഡന്റിന്റെ അനുമതി പ്രകാരമുള്ള ഇതര വിഷയങ്ങൾ.
10. ലാഭവിഭജനം സംബന്ധിച്ച്.
11. ബൈലാഭേദഗതി സംബന്ധിച്ച്

**NB :** ചോദ്യങ്ങളും പ്രമേയങ്ങളും 2022 മാർച്ച് 7-ാം തീയതി 4 മണിക്ക് മുമ്പ് സംഘം സെക്രട്ടറിക്ക് കിട്ടേണ്ടതാണ്. താമസിച്ച് കിട്ടുന്നവ പരിഗണിക്കുന്നതല്ല.

സൊസൈറ്റിയിലെ അംഗത്വമുള്ളവരുടെ മക്കളിൽ 2020-2021 അദ്ധ്യായന വർഷത്തിൽ പ്ലസ്ടു വിവിധ വിഷയങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് തദവസരത്തിൽ മെറിറ്റ് അവാർഡ് വിതരണം ചെയ്യുന്നതാണ്.

# 2020-21 വർഷത്തെ വാർഷിക റിപ്പോർട്ട്

2019-2020 വാർഷിക പൊതുയോഗം 2021 മാർച്ച് 27 ശനിയാഴ്ച തിരുവനന്തപുരം ഐ.എച്ച്.ആർ.ഡി ഹെഡ് ഓഫീസിൽ വച്ച് നടന്നു. സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കാനും സഹകാരികളുടെ ക്ഷേമത്തിന് അനിവാര്യമായ പദ്ധതികൾ ആവിഷ്കരിക്കാനും അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പൊതുയോഗം ചർച്ച ചെയ്തു. ഐ.എച്ച്.ആർ.ഡി ആസ്ഥാന മന്ദിരത്തിൽ തന്നെ സംഘം പ്രവർത്തിക്കുന്നതിനാൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നടത്താൻ സാധിക്കുന്നു. ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങളും, യൂണിഫോമുകളും പഠനോപകരണങ്ങളും മിതമായ നിരക്കിൽ നൽകുവാൻ സാധിക്കുന്ന സംഘത്തിന്റെ പ്രവർത്തനം എടുത്ത് പറയേണ്ടതാണ്. കൂടാതെ ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ മേധാവികൾ നിർദ്ദേശിച്ച നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോമുകളും, മറ്റ് പഠനോപകരണങ്ങളും വിതരണം ചെയ്തു എന്നുള്ള സന്തോഷവാർത്തയും ഇതോടൊപ്പം അറിയിക്കുന്നു. സംഘത്തിന്റെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പ്രവർത്തനം നടന്നത്.

ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി സംഘാംഗങ്ങളുടെ മക്കൾക്ക് മെരിറ്റ് അവാർഡ് നൽകി വരുന്നുണ്ട്. 2019-2020 വർഷത്തിൽ മെരിറ്റ് അവാർഡിന് അർഹമായ സംഘാംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡും മൊമന്റോയും ബഹു. സഹകരണ അസി. രജിസ്ട്രാർ ശ്രീ. ഷെരീഫ് അവർകൾ വിതരണം ചെയ്തു.

അംഗങ്ങളുടെ ക്ഷേമം മുൻ നിർത്തി വിവിധ വായ്പാ പദ്ധതികൾ നടന്ന് വരുന്നു. സംഘാംഗങ്ങളുടെ സാമ്പത്തിക ഭദ്രത മുൻനിർത്തി നിരവധി നിക്ഷേപങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. അംഗങ്ങളുടെ Basic Pay യുടെ അടിസ്ഥാനത്തിൽ പരമാവധി 5 ലക്ഷം രൂപവരെ സാധാരണ വായ്പ നൽകി വരുന്നു. സുതാര്യമായ വ്യവസ്ഥകളോടെ അനുവദിക്കുന്ന ഇത്തരം വായ്പകളുടെ തിരിച്ചടവ് കാലയളവ് അഞ്ച് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റിസ്ക്ഫണ്ട് സൗകര്യം ഇത്തരം വായ്പകൾക്ക് ലഭിക്കുന്നുണ്ട്, റിസ്ക് ഫണ്ട് പദ്ധതി പ്രകാരം മരിച്ച് പോയ അംഗങ്ങൾക്ക് അവരുടെ ബാക്കി നിൽപ്പ് വായ്പ തുക ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുന്ന മുറയ്ക്ക് റിസ്ക് ഫണ്ടിൽ നിന്ന് നൽകി വരുന്നു.

അത്യാവശ്യ വായ്പയായി 10000/- രൂപ വരെ Salary Slip ന്റെ അടിസ്ഥാനത്തിൽ അംഗങ്ങൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ മേലധികാരി സാക്ഷ്യപ്പെടുത്തിയ Salary Slip ന്റെ അടിസ്ഥാനത്തിൽ പരമാവധി 25000/- രൂപ അത്യാവശ്യ വായ്പയായി നൽകി വരുന്നുണ്ട്. 2014-2015 കാലയളവ് മുതൽ റിക്കറിംഗ് ഡപ്പോസിറ്റ് നടത്തി വരുന്നു. റിക്കറിംഗ് സപ്പോസിറ്റ് സ്കീമിൽ ഏറ്റവും കുറഞ്ഞത് 100 രൂപ മുതൽ 1000 രൂപ വരെ മാസം തോറും നിക്ഷേപിച്ച് നിശ്ചിതമാസം പൂർത്തിയാക്കുമ്പോൾ മെച്ചൂരിറ്റി തുക ഒന്നിച്ച് പിൻവലിക്കാം. സ്ഥിര നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ കൊടുക്കുന്നുണ്ട്. എഫ്.ഡിയുടെ പലിശ 3 മാസം തോറും എസ്.ബി അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് കൊടുക്കുന്നുണ്ട്. സ്ഥിര നിക്ഷേപത്തിൽ നിന്നും പരമാവധി 75% വരെ വായ്പ എടുക്കുന്നതിനുള്ള സൗകര്യം

നൽകി വരുന്നു. 5000 രൂപ 40 മാസം തവണകളായി 2 ലക്ഷം രൂപയുടെ എം.ഡി.എസ് നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ 2500 രൂപ 40 മാസം തവണകളായി 1 ലക്ഷം രൂപയുടെ എം.ഡി.എസ് തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. സംഘത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്യാൻ അംഗങ്ങളിൽ നിന്ന് ക്രിയാത്മക നിർദ്ദേശങ്ങളും പ്രവർത്തന പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

കോവിഡ് മഹാമാരിക്കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സൊസൈറ്റിയിൽ നിന്നും 5,00,000/- രൂപ നൽകിയിട്ടുണ്ട്.

| അംഗങ്ങൾ | പുതുതായി ചേർന്നവർ | പിരിഞ്ഞു പോയവർ | നിലവിൽ ഉള്ളവർ |
|---|---|---|---|
| 2020-2021 | 3 | - | 766 |

| ഓഹരി മൂലധനം | വരവ് | തിരികെ കൊടുത്തത് | വർഷാവസാനം ബാക്കിനിൽപ് |
|---|---|---|---|
| 2020-2021 | 23100 | - | 795000 |

| നിക്ഷേപങ്ങൾ | വരവ് | തിരികെ കൊടുത്തത് | വർഷാവസാനം ബാക്കിനിൽപ് |
|---|---|---|---|
| 2020-2021 എഫ്ഡി | 5083704 | 6018300 | 21724854 |
| 2020-2021 ആർ.ഡി | 448900 | 548000 | 858500 |

## പരിശോധനയും ആഡിറ്റും

2019-2020 വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2020-2021 വർഷത്തെ ആഡിറ്റ് നടന്നു കഴിഞ്ഞു.

റിപ്പോർട്ട് കിട്ടിയിട്ടില്ല. സഹകരണ ഡിപ്പാർട്ട്മെന്റിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും കാലാകാലങ്ങളിൽ പരിശോധനയും ആഡിറ്റും നടന്ന് വരാറുണ്ട്.

2020-2021 വർഷങ്ങളിൽ 7842924/-രൂപ സാധാരണ വായ്പയായും 750000/- രൂപ അത്യാവശ്യ വായ്പയായും 500000/- രൂപ വ്യക്തിഗത വായ്പയായും നൽകിയിട്ടുണ്ട്.

2020-2021 വർഷങ്ങളിൽ 696967/- രൂപയുടെ റെക്കോഡ് ബുക്കുകളും 1142159/- രൂപയുടെ യൂണിഫോം തുണിത്തരങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

## വാർഷിക ബഡ്ജറ്റ്

## പ്രതീക്ഷിക്കുന്ന വരവ്

| | | 2022-2023 |
|---|---|---|
| 1. | സംഘം നേരിട്ട് നൽകുന്ന സാധാരണ വായ്പയിൽ നിന്നുള്ള പലിശ | 20,60,000.00 |
| 2. | അത്യാവശ്യ വായ്പ, പേഴ്സണൽ ലോൺ പലിശ | 3,00,000.00 |
| 3. | യൂണിഫോം, റെക്കോർഡ് ബുക്ക് വിതരണം | 21,00,000.00 |
| 4. | സ്റ്റേഷനറി | 50,000.00 |
| 5. | ബാങ്ക് പലിശ(എഫ്ഡി ഉൾപ്പെടെ) | 5,00,000.00 |
| 6. | എം.ഡി.എസ് വരുമാനം | 6,00,000.00 |
| | ആകെ | 56,10,000.00 |

| | പ്രതീക്ഷിക്കുന്ന ചെലവ് | 2022-2023 |
|---|---|---|
| 1. | എഫ്.എ, വേജസ് | 10,00,000.00 |
| 2. | യാത്രപ്പടിയും, ദിനബത്തയും | 1,00,000.00 |
| 3. | ടെലിഫോൺ, ഇന്റർനെറ്റ് | 50,000.00 |
| 4. | പ്രിന്റിംഗ് & സ്റ്റേഷനറി | 1,50,000.00 |
| 5. | പോസ്റ്റേജ് & കമ്മ്യൂണിക്കേഷൻ | 50,000.00 |
| 6. | ആഡിറ്റ് ഫീ, അഫിലിയേഷൻ | 3,00,000.00 |
| 7. | പരസ്യ പ്രചരണം | 4,00,000.00 |
| 8. | മറ്റു അത്യാവശ്യകാര്യങ്ങൾ | 50,000.00 |
| 9. | ലാഭവിഹിതം | 4,00,000.00 |
| 10. | വിദ്യാഭ്യാസ സ്കോളർഷിപ്പ് | 1,50,000.00 |
| 11. | ഫർണിച്ചർ & ഫീക്ക്ച്ചേഴ്സ് | 1,00,000.00 |
| | ആകെ | 27,50,000.00 |

## Receipts and disbursement Statement of IHRD Employees Co-Operative Society LTD No. 4423 for the year 2020-2021

| | Receipts | Amount | | Payment | Amount |
|---|---|---|---|---|---|
| 1. | SHARE | 23,100.00 | 1. | KSCB SB a/c Vazhuthacaud | 13,84,386.00 |
| 2. | DCB SB a/c | 1,10,84,444.00 | 2. | DCB SB a/c | 46,52,772.00 |
| 3. | DCB Current a/c | 88,72,380.00 | 3. | DCB Current a/c | 92,22,979.00 |
| 4. | SBI a/c | 47,50,252.28 | 4. | SBI a/c | 36,60,990.00 |
| 5. | KSCB SB Vazhuthacaud | 35,18,635.00 | 5. | FD | 60,18,300.00 |
| 6. | FD | 50,83,704.00 | 6. | RD | 5,48,000.00 |
| 7. | RD | 4,48,900.00 | 7. | Ordinary Loan | 78,42,924.00 |
| 8. | Ordinary Loan | 39,45,024.00 | 8. | Emergency Loan | 7,50,000.00 |
| 9. | Emergency Loan | 9,34,070.00 | 9. | Personel Loan | 5,00,000.00 |
| 10. | Personal Loan | 5,46,810.00 | 10. | FD Interest | 17,47,114.00 |
| 11. | Hire Purchase Loan | 63,944.00 | 11. | RD Interest | 55,700.00 |
| 12. | CMDRF Loan | 2,77,274.00 | 12. | Salary | 2,74,704.00 |
| 13. | FD Loan | 69,056.00 | 13. | Wages | 1,77,000.00 |
| 14. | Ordinary Loan Interest | 12,71,945.00 | 14. | MDS/IV/MAR/2017 | 7,22,500.00 |
| 15. | Emergency Loan Interest | 86,086.00 | 15. | Sundry Creditors Uniform | 7,05,786.00 |
| 16. | Personel Loan Interest | 73,383.00 | 16. | Sundry Debtors Uniform | 11,42,159.00 |
| 17. | Hire Purchase Loan Interest | 5,684.00 | 17. | Sundry Creditors R/B | 2,47,346.00 |
| 18. | FD Loan Interest | 4,662.00 | 18. | Sundry Debtors R/B | 6,96,967.00 |
| 19. | CMDRF Loan Interest | 69,652.00 | 19. | Risk Fund | 19,000.00 |
| 20. | Society FD Interest to DCB | 4,45,052.00 | 20. | Welfare Fund to board | 3,120.00 |
| 21. | MDS/IV/MAR/2017 | 10,07,925.00 | 21. | Pension Board | 31,122.00 |
| 22. | Sundry Debtors R/B | 6,99,361.00 | 22. | Provident Fund | 33,081.00 |
| 23. | Sundry Debtors Uniform | 7,64,669.00 | 23. | TRAVELLING EXPENCES | 5,000.00 |
| 24. | Sundry Creditors R/B | 5,95,743.00 | 24. | Telephone | 10,518.00 |
| 25. | Sundry Creditors Uniform | 8,08,684.00 | 25. | Printing & Stationery | 4,927.00 |
| 26. | Membership Fee | 75.00 | 26. | Postage | 7,650.00 |
| 27. | Provident Fund | 25,938.00 | 27. | Sweeping Charge | 5,000.00 |
| 28. | Welfare Board | 1,560.00 | 28. | Bonus | 16,800.00 |
| 29. | Risk Fund | 21,000.00 | 29. | Festival Allowance | 15,400.00 |
| 30. | Pension fund | 31,122.00 | 30. | Medical Allowance | 3,000.00 |
| 31. | Reserve Fund Interest | 86,200.00 | 31. | Advertisement | 26,800.00 |

| | | | | | |
|---|---|---|---|---|---|
| 32. | Society FD | 25,00,000.00 | 32. | Merit Award | 37,078.00 |
| 33. | Service Charge | 15,500.00 | 33. | KF CESS | 4,173.00 |
| 34. | Agency Commission | 4,24,285.00 | 34. | SBI Commission | 252.28 |
| 35. | Society Commission (MDS) | 40,000.00 | 35. | Conveyiace (TA) | 8,450.00 |
| 36. | Bank Interest | 1,93,509.00 | 36. | Sitting Fee | 4,800.00 |
| 37. | Suspence a/c | 52,662.00 | 37. | GST | 2,345.00 |
| 38. | GST | 4,687.00 | 38. | GST Consultant Fee | 8,000.00 |
| 39. | Nomination Fee | 2,625.00 | 39. | MDS Contribution | 21,975.00 |
| 40. | KF CESS | 5,727.00 | 40. | CMDRF Contribution | 5,00,000.00 |
| 41. | Welfare Board -Society | 1,560.00 | 41. | General Body Expence | 27,430.00 |
| 42. | Divident to Members | 9,32,946.00 | 42. | Office Expence | 9,965.00 |
| 43 | Building Fund | 5,59,587.00 | 43. | Audit Fee | 50,000.00 |
| 44. | Profit equilation fund | 50,36,327.00 | 44. | Welfare Board Annual Renewal | 332.00 |
| 45. | Provident Fund Interest | 7,143.00 | 45. | Society FD int | 12,277.00 |
| | | | 46. | Pension Fund to Board | 31,122.00 |
| | | | 47. | Welfare fund | 1,560.00 |
| | | | 48. | Election Expense | 51,610.00 |
| | | | 49. | Computerisation | 5,000.00 |
| | | | 50. | Suspense A/C | 41,771.00 |
| | | | 51. | EL INT Excess | 2,497.00 |
| | | | 52. | HPL INT Excess | 8,974.00 |
| | | | 53. | Loading & unloading | 3,461.00 |
| | | | 54. | Society FD KSCB Nanthancode | 50,00,000.00 |
| | | | 55. | Society FD KSCB Vazhuthacaud | 25,00,000.00 |
| | | | 56. | Profit | 65,28,860.00 |
| | **Total** | **5,53,92,892.28** | | **Total** | **5,53,92,977.28** |
| | **Opening balance** | **2,002.00** | | **Closing Balance** | **1,917.00** |
| | **Grand Total** | **5,53,94,894.28** | | **Grand Total** | **5,53,94,894.28** |

## IHRD Employees Co-OperativeSociety LTD No. 4423
## Profit & Loss account as on 2020-2021

| No. | Loss | | Amount | No. | Profit | | Amount |
|---|---|---|---|---|---|---|---|
| 1 | Interest Paid | 1810460.00 | | 1 | Interest Received | 1446462.00 | |
| | Interest Payable | 391487.00 | | | Interest Receivable | 420167.00 | |
| | | 2201947.00 (-) | | | | 1866629.00 (-) | |
| | Less int payable Last year | 1167247.00 | 1034700.00 | | Int payable | 170084.00 | 1696545.00 |
| 2. | Esttablishment charges | | 271312.00 | 2. | Misc. Income | | 1019349.00 |
| 3. | Contigent charges | | 989142.28 | | | | |
| | TOTAL | | 2295154.28 | | TOTAL | | 2715894.00 |
| | Profit of the year | | 420739.72 | | Loss of the year | | - |
| | Grand TOTAL | | 2715894.00 | | Grand TOTAL | | 2715894.00 |
| | Net Profit | | 420739.72 | | | | |

# IHRD Employees Co-OperativeSociety LTD No. 4423
## Balance Sheet as on 31-03-2021

| No. | Liabilities | Amount | No. | Assets | | Amount |
|---|---|---|---|---|---|---|
| 1. | Share Capital | 795000.00 | 1. | Cash in hand | | 1917.00 |
| 2. | Deposits | 22521754.00 | 2. | Cash at Bank | | 27750.00 |
| 3. | Reserve Fund | 1438263.00 | 4. | Reserve Fund | | 1276500.00 |
| 4. | Others Reserves & Funds | 438066.00 | 5. | SPF | | 91173.00 |
| 5. | Interest payable | 391487.00 | 6. | Loans to members | | 16247045.00 |
| 6. | Education Fund | 53921.00 | 7. | Interest Receivable | | 420167.00 |
| 7. | Prof. Education Fund | 453369.00 | 8. | MDS | | 5110750.00 |
| 8. | Members relief fund | 564043.00 | 9. | Furniture & Fittings | | 62474.00 |
| 9. | SPF | 90248.00 | 10. | Closing stock | 237 | |
| 10. | Estt charges | 98100.00 | | Dead Stock | 89158 | 89395.00 |
| 11. | MDS | 5357750.00 | 12. | Advance Due to | | 7696740.00 |
| 12. | Advance Due by | 5553833.00 | | | | |
| 13. | Undistributed profit of Previous Year | 7262578.72 | | | | |
| 14. | Net Profit during the Year | 420739.72 | | | | |
| | **TOTAL** | **45439152.44** | | **TOTAL** | | **45439152.44** |

| | ബൈലോ ഭേദഗതി | |
|---|---|---|
| നിലവിലുള്ളത് | ഭേദഗതി ചെയ്യേണ്ടത് | കാരണം |
| പേരും വിലാസവും പ്രവർത്തന പരിധിയും<br><br>2. ഇതിന്റെ പ്രവർത്തനം കേരള സംസ്ഥാനം മുഴുവൻ വ്യാപിക്കുന്നതാകുന്നു. സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ഓഫീസ് തിരുവനന്തപുരത്തായിരിക്കുന്നതും, മേൽവിലാസം ഐ.എച്ച്.ആർ.ഡി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം, പ്രജോയ് ടവേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം - 14 എന്നായിരിക്കുന്നതുമാകുന്നു. | പേരും വിലാസവും പ്രവർത്തന പരിധിയും<br><br>2. ഇതിന്റെ പ്രവർത്തനം കേരള സംസ്ഥാനം മുഴുവൻ വ്യാപിക്കുന്നതാകുന്നു. സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ഓഫീസ് തിരുവനന്തപുരത്തായിരിക്കുന്നതും, മേൽവിലാസം ഐ.എച്ച്.ആർ.ഡി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം, ടി.സി- 86/1949(2), എൻ.എച്ച്. ബൈപാസ് ജംഗ്ഷൻ, ചാക്ക, പേട്ട. പി.ഒ., തിരുവനന്തപുരം - 24 എന്നായിരിക്കുന്നതുമാകുന്നു. | സംഘം കെട്ടിടം മാറിയ സാഹചര്യത്തിൽ |
| ചിട്ടി<br>14.<br>3) ഏതെങ്കിലും ഒരു ചിട്ടിയുടെ മുതൽ (സല) ഇരുപത്തി അയ്യായിരത്തിൽ (25000) രൂപയിൽ അധികരിക്കാൻ പാടില്ല. | ചിട്ടി<br>14.<br>3) ഏതെങ്കിലും ഒരു ചിട്ടിയുടെ മുതൽ (സല) അഞ്ച് ലക്ഷം (500000) രൂപയിൽ അധികരിക്കാൻ പാടില്ല. | സംഘാംഗങ്ങളുടെ ആവശ്യപ്രകാരം |
| ഭരണം<br>15.<br>(ബി) സംഘത്തിന്റെ ഭരണ ചുമതലകൾ 11 അംഗങ്ങൾ അടങ്ങിയ ഒരു ഭരണ സമിതിയിൽ (കമ്മിറ്റി) നിക്ഷിപ്തമായിരിക്കുന്നതാണ്. ഇവരിൽ ഒരു വനിതയും ഒരു ഹരിജൻ പ്രതിനിധിയും ഉണ്ടായിരിക്കും. | ഭരണം<br>15.<br>(ബി) സംഘത്തിന്റെ ഭരണ ചുമതലകൾ 11 അംഗങ്ങൾ അടങ്ങിയ ഒരു ഭരണ സമിതിയിൽ (കമ്മിറ്റി) നിക്ഷിപ്തമായിരിക്കുന്നതാണ്. ഇവരിൽ മൂന്ന് വനിതയും ഒരു ഹരിജൻ പ്രതിനിധിയും ഉണ്ടായിരിക്കും. | സഹകരണ നിയമ പ്രകാരം |

| | | |
|---|---|---|
| ഭരണസമിതി കേരള സഹകരണ സംഘം ആക്ടിലും റൂളിലും പ്രതിപാദിച്ചിട്ടുള്ള നടപടി ക്രമമനുസരിച്ച് തെരഞ്ഞെടുക്കുന്നതാണ്. കമ്മിറ്റി അവരിൽ നിന്നും ഒരു പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ പെയ്ഡ് സെക്രട്ടറി ഇല്ലാതെ വരുന്ന പക്ഷം ഒരു ഓണററി സെക്രട്ടറിയേയും തെരഞ്ഞെടുക്കേണ്ടതാണ്. | ഭരണസമിതി കേരള സഹകരണ സംഘം ആക്ടിലും റൂളിലും പ്രതിപാദിച്ചിട്ടുള്ള നടപടി ക്രമമനുസരിച്ച് തെരഞ്ഞെടുക്കുന്നതാണ്. കമ്മിറ്റി അവരിൽ നിന്നും ഒരു പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ പെയ്ഡ് സെക്രട്ടറി ഇല്ലാതെ വരുന്ന പക്ഷം ഒരു ഓണററി സെക്രട്ടറിയേയും തെരഞ്ഞെടുക്കേണ്ടതാണ്. | |
| ലാഭം<br>43.<br>5. ബാക്കിയേതെങ്കിലും തുക വരുന്ന പക്ഷം അത് ലാഭസമീകരണ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. | ലാഭം<br>43.<br>5. 10% ൽ അധികരിക്കാത്ത തുക പൊതുനന്മ ഫണ്ടിലേക്കും<br>6. ബാക്കിയേതെങ്കിലും തുക വരുന്ന പക്ഷം അത് ലാഭസമീകരണ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. | |
| 31(ബി)<br>കുറിപ്പ്<br>1) 50000/- രൂപയിൽ കൂടുതലുള്ള വായ്പയ്ക്ക് രണ്ട് ആൾ ജാമ്യം ഉണ്ടായിരിക്കേണ്ടതാണ്. | 31(ബി)<br>കുറിപ്പ്<br>1) 100000/- രൂപയിൽ കൂടുതലുള്ള വായ്പയ്ക്ക് രണ്ട് ആൾ ജാമ്യം ഉണ്ടായിരിക്കേണ്ടതാണ്. | സഹകരണ നിയമ പ്രകാരം |
| 31(സി)<br>10000 രൂപ വരെ കടം വാങ്ങുന്ന അംഗത്തിന്റെ സ്വന്തം ഉറപ്പിന്മേൽ | 31(സി)<br>50000 രൂപ വരെ കടം വാങ്ങുന്ന അംഗത്തിന്റെ സ്വന്തം ഉറപ്പിന്മേൽ | സംഘാംഗങ്ങളുടെ ആവശ്യ പ്രകാരം<br>" |
| 32(1)<br>യാതൊരംഗവും സംഘത്തിൽ നിന്നും വായ്പ എടുത്ത വകയിലോ ഹയർ പർച്ചേയ്സ് വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങിയ വകയിലോ | 32(1)<br>യാതൊരംഗവും സംഘത്തിൽ നിന്നും വായ്പ എടുത്ത വകയിലോ ഹയർ പർച്ചേയ്സ് വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങിയ വകയിലോ | " |

| | | |
|---|---|---|
| മൊത്തം 100000 രൂപയോ അയാളുടെ അടിസ്ഥാന ശമ്പളത്തിന്റെ പതിനഞ്ചിരട്ടി ഏതാണ് കുറവെന്ന് വച്ചാൽ ആ തുകയിൽ കവിഞ്ഞ് കടപ്പെടാൻ പാടുള്ളതല്ല.<br><br>(2) ടി പരിധിയ്ക്കു വിധേയമായി ഒരംഗത്തിന് അയാൾ പൂർണ്ണമായി അടച്ചിട്ടുള്ള ഓഹരികളുടെ ഇരുപതിരട്ടി വിലയിൽ കവിയാതുള്ള തുക വായ്പയായി എടുക്കാവുന്നതാണ്. എന്നാൽ ഈ വകുപ്പ് ബൈലാ 35(എ) 35(ഡി) എന്നീ വകുപ്പുകൾക്ക് ബാധകമല്ല. | മൊത്തം 5 ലക്ഷം രൂപയോ അയാളുടെ അടിസ്ഥാന ശമ്പളത്തിന്റെ ഇരുപത്തഞ്ചിരട്ടി ഏതാണ് കുറവെന്ന് വച്ചാൽ ആ തുകയിൽ കവിഞ്ഞ് കടപ്പെടാൻ പാടുള്ളതല്ല.<br><br>(2) ടി പരിധിയ്ക്കു വിധേയമായി ഒരംഗത്തിന് അയാൾ പൂർണ്ണമായി അടച്ചിട്ടുള്ള ഓഹരികളുടെ അൻപതിരട്ടി വിലയിൽ കവിയാതുള്ള തുക വായ്പയായി എടുക്കാവുന്നതാണ്. എന്നാൽ ഈ വകുപ്പ് ബൈലാ 35(എ) 35(ഡി) എന്നീ വകുപ്പുകൾക്ക് ബാധകമല്ല. | " |

## ഐ.എച്ച്.ആർ.ഡി എംപ്ലോയീസ് സഹകരണ സംഘം
### ക്ലിപ്തം നമ്പർ 4423
ചാക്ക, തിരുവനന്തപുരം

**സ്ഥിര നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ**

**പ്രതിമാസ നിക്ഷേപ പദ്ധതി (MDS)**

5000 X 40 മാസം = 2,00,000/-

2500 X 40 മാസം = 1,00,000/-

- ഡിപ്പോസിറ്റ് തുക അംഗങ്ങളുടെ ശമ്പളത്തിൽ പിടിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
- വിവിധ തരത്തിലുള്ള വായ്പകൾ വളരെ വേഗത്തിൽ ലഭിക്കുന്നു.
- പദ്ധതി അംഗങ്ങൾക്ക് വായ്പാസൗകര്യം ലഭ്യമാണ്.
- ലളിതമായ ജാമ്യ വ്യവസ്ഥകൾ.
- വീട്ടാവശ്യം, വിദ്യാഭ്യാസ ആവശ്യം, മുൻകടം വീട്ടൽ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, രോഗ ചികിത്സാ വായ്പകളും ലഭിക്കുന്നു.

**സാധാരണ വായ്പ പരമാവധി 5 ലക്ഷം രൂപ**
**വരെ അത്യാവശ്യ വായ്പ 25,000/- രൂപ**

റിക്കറിംഗ് ഡെപ്പോസിറ്റ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോം തുണിത്തരങ്ങൾ
റെക്കോർഡ് ബുക്കുകൾ, സ്റ്റേഷനറി സാധനങ്ങൾ
എന്നിവ മിതമായ വിലയ്ക്ക് ലഭിക്കുന്നു.


ശ്രീദേവി പ്രസ്സ് : 9847395030